**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4088** **18-07-2022 - ൽ മറുപടിയ്ക്ക്**

**ജനകീയ ഹോട്ടലുകൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജനകീയ ഹോട്ടലുകളുടെ പ്രവർത്തനത്തിന് വകുപ്പ് അനുവദിച്ച ധനസഹായങ്ങൾ വിശദമാക്കുമോ; | (എ) | ജനകീയ ഹോട്ടലുകളിൽ നിന്നും നൽകുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡിക്ക് പുറമേ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000 രൂപ വരെ റിവോൾവിങ്ങ് ഫണ്ട് ആയി കുടുംബശ്രീ നൽകുന്നു. ജനകീയ ഹോട്ടൽ നടത്തിപ്പിന് ആവശ്യമായ സ്ഥലം / വാടക, വൈദ്യുതി, ജലം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം സൗജന്യമായി നൽകുന്നു. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000 രൂപ നഗരസഭ മുഖാന്തിരവും, ഗ്രാമ തലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000 രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, കൂടാതെ 10,000 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും വർക്കിംഗ് ഗ്രാന്റായി നൽകുന്നു. ഇതിനുപുറമേ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും കിലോയ്ക്ക് 10.90 രൂപ നിരക്കിൽ ജനകീയ ഹോട്ടലുകൾക്ക് അരി ലഭ്യമാക്കുന്നുണ്ട്. ജനകീയ ഹോട്ടലുകൾക്കായി കുടുംബശ്രീ വഴി നാളിതുവരെ 93.64 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിപുലീകരണത്തിന് കൂടുതൽ ധനസഹായം നൽകുവാൻ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷം കുടുംബശ്രീയ്ക്കായി "2515-102-29(P)“എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ (260 കോടി രൂപ) ജനകീയ ഹോട്ടലുകളുടെ സബ്സിഡിക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ